പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 100

06/01/2014ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി. ഓൺലൈൻ അപേക്ഷയിലെ തീയതി രേഖപ്പെടുത്തിയ ഫോട്ടോ

ചോദ്യം :

ശ്രീ. ചിറ്റയം ഗോപകുമാർ

(എ) കേരള പി.എസ്.സി. ഓൺലൈൻ അപേക്ഷയിലുള്ള ഫോട്ടോയിൽ ഫോട്ടോയെടുത്ത തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത കാരണത്താൽ നാളിതുവരെ നിരസിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ ;

(ബി) നിയമനത്തട്ടിപ്പിനെ തുടർന്ന് ആൾമാറാട്ടം തടയാൻവേണ്ടി പി.എസ്.സി. നടപ്പിലാക്കിയ ഈ പുതിയ രീതി പ്രായോഗികമായി യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫോട്ടോയെടുത്തതായി രേഖപ്പെടുത്തിയ തീയതിയുടെ കൃത്യത പൂർണ്ണമായി ബോധ്യപ്പെടുത്തുന്നതിന് നിലവിൽ യാതൊരു വിധത്തിലുള്ള ഔദ്യോഗിക ക്രമീകരണങ്ങളുമില്ലാത്തതിനാൽ ഇത്തരത്തിലുള്ള സാങ്കേതിക കാരണങ്ങൾ സൂചിപ്പിച്ച് തൊഴിൽരഹിതരായ അപേക്ഷകരുടെ അവസരം നിഷേധിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടിയെടുക്കുമോ ;

(ഡി) ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയുടെ അസ്സൽ പരീക്ഷാ ഹാളിൽ അനുബന്ധ ഉദ്യോഗസ്ഥരെ കാണിച്ച് ബോധ്യപ്പെടുത്തുന്നതിനാൽ ഇത്തരം വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഓൺലൈൻ അപേക്ഷയിലുള്ള ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയിട്ടില്ലാത്ത കാരണത്താൽ നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) യും (സി)യും (ഡി)യും

ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തുന്നത് പി.എസ്.സി. യുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾ കുറ്റമറ്റതാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആവിഷ്കരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ